# വിപണി

## മെൻറാഡ് കണ്ണടകൾ മിഡിൽ ഈസ്റ്റിലും




**ദുബൈ:** പ്രമുഖ കണ്ണു സംരക്ഷണ ഉപകരണങ്ങളുടെ നിർമാതാക്കളായ മെൻറാഡ് മിഡിൽ ഈസ്റ്റിൽ പ്രവർത്തനമാരംഭിച്ചു. 2012ൽ പുറത്തിറക്കുന്ന ഉത്പന്നങ്ങളുടെ പ്രകാശനവും ദുബൈയിൽ നടന്നു.

പുതിയ ഉത്പന്നങ്ങൾക്ക് മികച്ച സ്വീകരണമാണ് ലഭിക്കുന്നതെന്നും മിഡിൽ ഈസ്റ്റിൽ പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞതിൽ സന്തുഷ്ടരാണെന്നും മെൻറാഡ് ഉടമയും മാനേജിംഗ് ഡയറക്ടറുമായ എബർഹാർഡ് മുള്ളർ മെൻറാഡ് പറഞ്ഞു. 1986ൽ ആരംഭിച്ച സ്ഥാപനത്തിന് ഇപ്പോൾ യൂറോപ്പ്, ചൈന എന്നിവിടങ്ങളിൽ നിർമാണ യൂണിറ്റുകളുണ്ട്. നൂറിലധികം രാജ്യങ്ങളിൽ വിതരണശൃംഖലകളുമുണ്ട്. യു എ ഇയിൽ ട്രൂബെൽ മാർക്കറ്റിംഗ് ആൻഡ് ട്രേഡിംഗ് വഴിയാണ് മെൻറാഡ് ഉത്പന്നങ്ങൾ ലഭിക്കുക.